(സി) കോഴിക്കോട് മേഖലയിൽ ജലഗതാഗത വകുപ്പ് നിലവിൽ സർവ്വീസ് നടത്തുന്നില്ല. കനോലി കനാൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് സാങ്കേതികമായും സാമ്പത്തികമായും പഠനം നടത്തേണ്ടതുണ്ട്.

**യാത്രാബോട്ടുകളുടെ തകരാറുകൾ പരിഹരിക്കാൻ നടപടി**

**273 (7836)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ട്യാഡുകളിൽ തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കയറ്റുന്ന ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകൾ ആഴ്ചകളും മാസങ്ങളും കഴിഞ്ഞാലും തകരാറുകൾ പരിഹരിച്ച് സർവ്വീസിന് സജ്ജമാക്കുവാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റിപ്പയർ ചെയ്യുന്നതിന് ബോട്ട്യാഡുകളിൽ പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ കുറവുണ്ടെന്നതും ആവശ്യമായ സ്പെയർപാർട്സുകളില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ജല ഗതാഗതവകുപ്പിന്റെ നിലവിലുള്ള ആലപ്പുഴ, തേവര യാർഡുകളിൽ ഖലാസികളെ ഉപയോഗിച്ച് ബോട്ടുകൾ കയറ്റുന്ന സാഹചര്യം ഒഴിവാക്കി പൂർണ്ണമായും യന്ത്രവൽകൃതമായി ഇലക്ട്രിക്കൽ വിഞ്ച് ഉപയോഗിച്ചുകൊണ്ട് ബോട്ടുകൾ ഡോക്ക് ചെയ്യുന്നതിനുള്ള സൗകര്യം സജ്ജമാക്കിയതുവഴി അടിയന്തര അറ്റകുറ്റപ്പണികൾ ദ്രുതഗതിയിൽ നടത്തിയും താരതമ്യേന മേജർ റിപ്പയറുകൾ ആനുപാതികമായി കൂടുതൽ സമയമെടുത്തും ചെയ്തുതീർത്ത് വരുന്നു. കഴിഞ്ഞ ആറ് മാസത്തിനകം 4 ബോട്ടുകൾ മേജർ റിപ്പയറും 31 ബോട്ടുകൾ മൈനർ റിപ്പയറും ചെയ്ത് സർവ്വീസിന് നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ആലപ്പുഴ മേഖലയിലെ ഡ്രൈഡോക്കിന്റെയും സ്ലിപ് വേയുടേയും പയ്യന്നൂർ മേഖലയിലെ സ്ലിപ് വേയുടെയും നിർമ്മാണം പൂർത്തിയാകുന്നതുവഴി ബോട്ടുകളുടെ റിപ്പയർ കൂടുതൽ കാര്യക്ഷമമാകും.

(ബി) 2002 വരെ വകുപ്പിൽ പൂർണ്ണമായും തടി ബോട്ടുകളാണ് ഉണ്ടായിരുന്നത്. ആയതിനാൽ തടി ബോട്ടുകളുടെ റിപ്പയറിന് പ്രതിനിധ്യം കൊടുത്തുകൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എന്നാൽ ഇപ്പോൾ കാലപ്പഴക്കം വന്ന തടി ബോട്ടുകൾ പിൻവലിച്ച് പകരം സ്റ്റീൽ ബോട്ടുകളാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. ആയതിനാൽ സ്റ്റീൽ ബോട്ടുകളുടെ റിപ്പയർ സംബന്ധിച്ച് നിലവിലുള്ള ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകിവരുന്നുണ്ട്. അതുകൂടാതെ നിർമ്മാണം പൂർത്തിയായിവരുന്ന ആധുനിക ഡ്രൈഡോക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 20 പുതിയ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഡ്രൈഡോക്കിന്റെ പ്രവർത്തനം സജ്ജമാകുന്നതോടെ ടി പുതിയ തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതാണ്. വകുപ്പിൽ സ്പെയർ പാർട്ട്സിന്റെ കുറവുമൂലം റിപ്പയറുകൾ മുടങ്ങുകയോ കാലതാമസം വരുന്നതോ ആയ സാഹചര്യം നിലവിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ആലപ്പുഴ, തേവര യാർഡുകളിൽ ഇലക്ട്രിക്കൽ വിഞ്ച് ഘടിപ്പിച്ച് പൂർണ്ണമായും യന്ത്രവൽകൃതമായി ബോട്ടുകൾ ഡോക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കി അടിയന്തര റിപ്പയർ ദൃതഗതിയിൽ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ആലപ്പുഴയിലെ പോഞ്ഞിക്കരയിലുള്ള ഒരേക്കർ നാൽപ്പത് സെന്റ് സ്ഥലത്ത് നാല് ബോട്ടുകൾ ഒരേ സമയത്ത് ഡോക്ക് ചെയ്യാവുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ലിപ്വേയുടെയും ഡ്രൈഡോക്കിന്റെയും പയ്യന്നൂർ സ്ലിപ്വേയുടെയും പണി അവസാന ഘട്ടത്തിലുമാണ്. 'ടി പ്രവർത്തനങ്ങൾ പൂർത്തിയാകുകയും കൂടാതെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ 20 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടക്കുകയും ചെയ്യുമ്പോൾ വകുപ്പിലെ ബോട്ടുകളുടെ റിപ്പയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കും.

[നക്ഷത്രചിഹ്നമിടാത്ത 7557, 7576, 7594, 7595, 7635, 7636, 7644, 7646, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II തിരുത്തിയ ഉത്തരം

### 19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത 2755-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2755-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത 2755-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## III അടിയന്തരപ്രമേയം

### ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം

മി. സ്പീക്കർ : സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടും പുതുക്കിയതുൾപ്പെടെയുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളെ അൺഎയ്ഡഡ് മേഖലയുടെ ചൂഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നതിനാലും ഹയർ സെക്കന്ററി വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ആശങ്ക ഉണ്ടാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. കെ. വിജയൻ, ആർ. രാജേഷ്, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly